# മുസിരിസ് പൈതൃക പദ്ധതിക്ക് 26നു ദീപം തെളിയും

തൃശൂർ: ചരിത്ര നഗരമായ കൊടുങ്ങല്ലൂരിന്റെയും പരിസര പ്രദേശങ്ങളുടെയും സാംസ്കാരിക പൈതൃകം സംരക്ഷിച്ചു കൊണ്ടുള്ള വിനോദസഞ്ചാര–വിജ്ഞാന–ഗവേഷണ പദ്ധതിയായ മുസിരിസ് പൈതൃക പദ്ധതി തുടങ്ങുന്നു.

സാംസ്കാരികം, ടൂറിസം, പുരാവസ്തു, വിദ്യാഭ്യാസം, റവന്യൂ, തദ്ദേശ ഭരണം, ഫിഷറീസ്–തുറമുഖ വകുപ്പുകൾ ചേർന്നു നടപ്പാക്കുന്ന 100 കോടി രൂപയുടെ പദ്ധതിക്കു മുന്നോടിയായി സംസ്ഥാനതല ശിൽപശാല ഈ മാസം 26, 27, 28 തീയതികളിൽ കൊടുങ്ങല്ലൂർ കെകെടിഎം ഗവ. കോളജിൽ നടക്കുമെന്നു മന്ത്രി കെ.പി. രാജേന്ദ്രൻ അറിയിച്ചു. ഇന്ത്യയിലെ പ്രമുഖ ചരിത്ര പണ്ഡിതരും സാംസ്കാരിക പ്രവർത്തകരും ജനപ്രതിനിധികളും പങ്കെടുക്കും.

കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ച് എറണാകുളം, തൃശൂർ ജില്ലകളിലെ സമീപ പ്രദേശങ്ങൾ ഉൾപ്പെടുത്തിയാണു പദ്ധതി ആവിഷ്കരിച്ചത്. ചരിത്രപ്രധാന സ്ഥലങ്ങളെയും തീർഥാടന കേന്ദ്രങ്ങളെയും പദ്ധതി വഴി ബന്ധിപ്പിക്കും. നൂറ്റാണ്ടുകൾ പാരമ്പര്യമുള്ള ചരിത്രവും സാംസ്കാരികത്തനിമകളും കാത്തുസൂക്ഷിക്കുകയാണു പദ്ധതിയുടെ ലക്ഷ്യമെന്നു മന്ത്രി പറഞ്ഞു. കഴിഞ്ഞ രണ്ടു വർഷം കൊണ്ടു ചരിത്രപഠനങ്ങളും ഗവേഷണങ്ങളും പുരാവസ്തു പര്യവേക്ഷണവും വഴി വിശദമായ പദ്ധതിരേഖ തയാറാക്കിയിട്ടുണ്ട്. ഇതിന് അനുബന്ധമായാണു ശിൽപ്പശാല.

26നു മുസിരിസ് ചരിത്ര–ചിത്ര പ്രദർശനം കെകെടിഎം കോളജിൽ നടക്കും. വൈകിട്ടു കൊടുങ്ങല്ലൂർ പൊലീസ് സ്റ്റേഷൻ മൈ

> ഇന്ത്യയിലെ പ്രമുഖ ചരിത്ര പണ്ഡിതരും സാംസ്കാരിക പ്രവർത്തകരും ജനപ്രതിനിധികളും പങ്കെടുക്കും

താനിയിൽ സിനിമാതാരം കലാഭവൻ മണി മുസിരിസ് പൈതൃക പദ്ധതിയുടെ ദീപം തെളിയിക്കും. പത്മശ്രീ ലഭിച്ച കലാമണ്ഡലം ഗോപി, സി.കെ.മേനോൻ എന്നിവരെ ആദരിക്കും. തുടർന്നു സംഗീത സംവിധായകൻ വിദ്യാധരന്റെ നേതൃത്വത്തിൽ ഗാനമേള.

27നു രാവിലെ ശിൽപ്പശാല ഉദ്ഘാടനം മന്ത്രി കെ.പി.രാജേന്ദ്രന്റെ അധ്യക്ഷതയിൽ മന്ത്രി കോടിയേരി ബാലകൃഷ്ണൻ നിർവഹിക്കും. മന്ത്രിമാരായ തോമസ് ഐസക്ക്, എം.എ.ബേബി, എസ്.ശർമ, പാലോളി മുഹമ്മദ്കുട്ടി, കെ.പി.ധനപാലൻ എംപി, എംഎൽഎമാരായ വി.ഡി.സതീശൻ, എം.കെ.പുരുഷോത്തമൻ തുടങ്ങിയവർ പങ്കെടുക്കും. വൈകിട്ടു പൊലീസ് സ്റ്റേഷൻ മൈതാനിയിൽ സംസ്ഥാന ഫോക്‌ലോർ അക്കാദമി അവാർഡ് ദാനവും സാംസ്കാരിക സമ്മേളനവും. തുടർന്നു വി.എം.കുട്ടി, എരഞ്ഞോളി മൂസ എന്നിവരുടെ ഗാനമേള.

ശിൽപ്പശാലയുടെ ഭാഗമായി സാങ്കേതിക സെമിനാർ 28നു നടക്കുമെന്നു കലക്ടർ ഡോ.വി.കെ.ബേബി, കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാൻ പി.ഡി.വിശ്വംഭരൻ, കെകെടിഎം കോളജ് പ്രിൻസിപ്പൽ പി.പി.ജമീല എന്നിവർ അറിയിച്ചു.